(ബി) പുനരുദ്ധാരണ ജോലികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഡിപ്പോയിലെ സ്ഥലപരിമിതി കൂടി കണക്കിലെടുത്തുകൊണ്ട് വർക്ക്ഷോപ്പിന്റെ സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

വയനാട് ജില്ലയിലെ കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ

32 (816) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ കൽപ്പറ്റ-നെടുംപാല, കൽപ്പറ്റ-ചുറ്റാട്, കൽപ്പറ്റ -നത്തംകുനി, വൈത്തിരി-നെടുംപാലപള്ളി, പനമരം-നെടുംപാല വഴി മേപ്പാടി, മീനമ്മാടി-നെടുംപാല, വള്ളിക്കവല വഴി മേപ്പാടി എന്നീ റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവീസ് നടത്തിയിരുന്നുവോ ;

(ബി) ഇപ്പോൾ അവ നിർത്തലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്തെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർവീസ് നടത്തിയിരുന്നു.

(ബി) മോശമായ കളക്ഷൻ കാരണം ടി സർവീസുകൾ ഇപ്പോൾ ഓടിക്കുന്നില്ല.

(സി) കളക്ഷൻ കുറവുള്ള റൂട്ടുകളിലെ ബസുകൾ പിൻവലിച്ച് ദേശസാൽകൃത മേഖലകളിലും ലാഭകരമായ മറ്റു റൂട്ടുകളിലും സർവ്വീസുകൾ നടത്തേണ്ടതുകൊണ്ട് ഈ സർവീസ് പുനരാരംഭിക്കുന്നതിന് നിവർത്തിയില്ല.

കാസർകോട് കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സ്

33 (817) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഷോപ്പിംഗ് കോംപ്ലക്സിന് എന്നാണ് ശിലാ സ്ഥാപനം നിർവഹിച്ചത് ;

(ബി) ഷോപ്പിംഗ് കോംപ്ലക്സിന്റെ എസ്റ്റിമേറ്റ് തുക എത്ര ;

(സി) ഇതിന്റെ നിർമ്മാണത്തിന് ഏത് ധനകാര്യ സ്ഥാപനമാണ് സാമ്പത്തിക സഹായം നൽകുന്നത് ;

(ഡി) ഇതുവരെ അതിന്റെ പണി തുടങ്ങാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) എന്നത്തേയ്ക്ക് പണി ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly